കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016–17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി : 21.08.2017,

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/2017

ഫോൺ നമ്പർ 0471-2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കാട്ടാക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.5/1666/2017 തീയതി: 21.08.2017

**തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016മുതൽ 09/07/2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി

പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ. ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-07-2017മുതൽ 19-07-2017വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ,മുഹമ്മദ് സലീം.എം, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ.സുരേഷ് ബാബു ബി, സീ.ഗ്രേഡ് ഓഡിറ്റർ |
| | 3. ശ്രീ. കോസല രാമദാസ്, സീ.ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എസ്. അജിത | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. രാജേന്ദ്രൻ. സി.കെ. | 01.04.2016മുതൽ 27.05.2016 വരെ |
| | ശ്രീ. സുനിൽകുമാർ അസി. സെക്രട്ടറി (ചാർജ്ജ്) | 28.05.2016 മുതൽ 30.05.2016 വരെ |
| | ശ്രീ. തങ്കരാജൻ | 31.05.2016 മുതൽ 13.07.2016 വരെ |
| | ശ്രീ. ജീവൻ. എസ്. | 14.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. മനു | 01.04.2016 മുതൽ 17.07.2016 വരെ |
| | ശ്രീമതി. ലയജോസ് | 18.07.2016 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുജിത് | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി. റോജാ | 24.08.2016 മുതൽ 22.02.207 വരെ |
| | ശ്രീമതി.സംഗീതാ കൃഷ്ണൻ | 01.04.2016 മുതൽ 05.07.2016 വരെ |
| | ശ്രീമതി. സ്മിതാരാജ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി. എസ്. | ശ്രീമതി. സുജാത | 01.04.2016 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ശാന്തകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മാത്യൂസ് | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | - | - |
| ഹെഡ്മാസ്റ്റർ | ശ്രീ. രത്നാകരൻ | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഗംഗ. ജി. | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ. റ്റി. തമ്പി രാജ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശശികല | 01.04.2016 മുതൽ 25.06.2016 വരെ |
| | ശ്രീ. രാജീവ് | 26.06.2016 മുതൽ 31.03.2017 വരെ |
| അസി. സെക്രട്ടറി | ശ്രീ. ബി. സുനിൽകുമാർ | 01.04.2016 മുതൽ 23.06.2016 വരെ |
| | ശ്രീമതി. ജയശ്രീരാജ് | 25.07.2016 മുതൽ 07.01.2017 വരെ |
| | ശ്രീ. കൃഷ്ണകുമാർ | 08.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | കെട്ടിട വാടക കുടിശ്ശിക-443068/- നടപടി അനിവാര്യം | 2-1 | |
| 13 | പരസ്യനികുതി കൃത്യമായി ഈടാക്കുന്നില്ല | 2-2 | |

| | | | |
|---|---|---|---|
| 14 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 2-3 | |
| 15 | ഡി.& ഒ ലൈസൻസ് അപാകതകൾ | 2-4 | |
| 16 | തൊഴിൽനികുതി രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല | 2-5 | |
| | ഭാഗം 3 | | |
| 17 | ഓണം വിപണനമേള - 2016 | 3-1 | |
| 18 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണ പദ്ധതി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-2 | |
| 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അധികം നൽകിയ 28,860/- രൂപ നിരാകരിക്കുന്നു. | 3-3 | |
| 20 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- അപാകതകൾ | 3-4 | |
| 21 | ഗുണഭോക്തൃ സമിതി നിർവഹിച്ച മരാമത്ത് പ്രവൃത്തികൾ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 3-5 | |

| | | | |
|---|---|---|---|
| | | | |
| 22 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ - തടസ്സം 2,56,081/- | 3-6 | |
| 23 | കൈപ്പറ്റ് രസീത്, പൂർത്തീകരണ, വിനിയോഗ സർട്ടിഫിക്കറ്റുകൾ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ ഹാജരാക്കിയില്ല | 3-7 | |
| 24 | ഐ.കെ.എം. വെബ്സൈറ്റ്-കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | 3-8 | |
| 25 | പഠനവീട് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - തുക 50,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 14/03/16തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ്

32,06,54,464/- രൂപയും പ്രതീക്ഷിത ചെലവ് 31,79,761,181/- രൂപയും നീക്കിയിരിപ്പ് 26,78,346/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 1,09,082,461/-രൂപയും ചെലവ് 9,25,36,475/-രൂപയും നീക്കിയിരിപ്പ് 1,65,45,986/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | | - |

## 1- 4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 14076297 |
| വരവ് | | 95006164 |
| ആകെ | | 109082461 |
| ചെലവ് | | 92536475 |
| നീക്കിയിരിപ്പ് | | 16545986 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| --- | --- | --- | --- | --- | --- |
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 18801956 | 18801956 | 18801956 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7139909 | 7139909 | 7139909 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 158253 | 158253 | 158253 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11462538 | 11462538 | 11462538 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 2500826 | 2500826 | 2500826 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7825303 | 12566220 | 20391523 | 9928364 | 10463159 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9147232 | 9147232 | 9147232 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 220 | 1735203 | 1735423 | 1449772 | 285651 |
| ബി ഫണ്ട് | 0 | 1777920 | 1777920 | 1777920 | 0 |
| പെർഫോമൻസ്ഗ്രാന്റ് | 0 | 4667171 | 4667171 | 4667171 | |
| സാക്ഷരത | 1514 | 224210 | 225724 | 223538 | 2186 |
| ടോട്ടൽ സാനിട്ടേഷൻ | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | 5984391 | 12227396 | 18211787 | 12728478 | 5483309 |
| മറ്റുള്ളവ | 264869 | 12597330 | 12862199 | 12550518 | 311681 |
| ആകെ | 14076297 | 95006164 | 109082461 | 92536475 | 16545986 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
| --- | --- | --- | --- | --- | --- | --- |
| 273 | 114704452 | 183 | 59463705 | 6 | 84 | 67.03 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 273പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 183പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| തൊഴിൽ നികുതി | 3987737 | 4221960 | | |
| കെട്ടിട നികുതി | 3571083 | 5007574 | | |
| വിനോദ നികുതി | 60308 | 16904 | | |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | - | 1225 | | |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | - | 41272 | | |
| ഡി & ഒ ലൈസൻസ് | 431100 | 479100 | | |
| മറ്റു വരവുകൾ | 2276180 | 2459361 | | |
| ആകെ | | 12227396 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1387920 | 838 |
| കർഷകതൊഴിലാളി പെൻഷൻ | 5172290 | 596 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 4773150 | 1705 |
| വാർദ്ധക്യകാലപെൻഷൻ | 9733150 | 3398 |
| വികലാംഗപെൻഷൻ | 1344905 | 491 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 390000 | 13 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 223950 | 81 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/07/2017രാവിലെ 11AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11048/-രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവ്വറുകളിൽ നിന്നും കുടിശ്ശികയില്ലാതെ വസ്തിനികപതി പിരിച്ചെടുക്കേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളിൽ നിന്ന് ചട്ടപ്രകാരമുള്ള പരസ്യനികുതി ഈടാക്കുവാൻ ബൈലാ നിർമ്മിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ

പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കാർഷികമേഖലക്ക് മതിയായ പ്രാധാന്യം നൽകേണ്ടതാണ്.പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. പതുമരാമത്ത് പ്രവൃത്തികളിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2017 | 02/2016 | 19.04.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.03.2014 | 2012-13 | 17.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക കുടിശ്ശിക-443068/-രൂപ നടപടി അനിവാര്യം

കാട്ടാക്കട ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഓഫീസുകളിൽ നിന്നും വാടക കുടിശ്ശികയിനത്തിൽ 4,43,068/-രൂപ ലഭിക്കാനുണ്ട്. വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ഓഫീസ് 2004 ഒക്ടോബർ മുതൽ 2016 മാർച്ച് വരെ ആകെ 3,98,640/-രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. കോടതി കെട്ടിടം പ്രവർത്തിക്കുന്ന മുറിയുടെ വാടക ഒഴിവാക്കികൊണ്ട് 19.01.2005-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി VI(1) പ്രകാരം തീരുമാനമെടുത്തിരുന്നതായും എന്നാൽ മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശ പ്രകാരം കുടിശ്ശിക അടയ്ക്കുന്നതിന് 20.10.2014 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതായും, കോടതി കെട്ടിടത്തെ വാടകയിൽ നിന്നും ആജീവനാന്തം ഒഴിവവാക്കികൊണ്ട് പഞ്ചായത്ത് കമ്മിറ്റി പ്രമേയം പാസാക്കി കോടതിയെ അറിയിച്ചിട്ടുള്ളതിനാൽ വാടക കുടിശ്ശിക ഈടാക്കുന്ന വിഷയം പുന: പരിശോധിക്കണമെന്നമാണ് മജിസ്ട്രേറ്റ്

കാര്യാലയത്തിൽ നിന്നും മറുപടി നൽകിയിരുന്നത് എന്നുമാണ് ഇത് സംബന്ധിച്ച് 19.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9-ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്.

2. കാട്ടാക്കട ഉപജില്ല വിദ്യാഭ്യാസ ഓഫീസ് 2015 ഏപ്രിൽ മുതൽ 2017 വരെ 44,428/-രൂപ വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക അടവാക്കുന്നതിന് 20.03.2017 തീയതിയിൽ എ1-3674/16 പ്രകാരം കത്ത് നൽകിയതായിട്ടാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചയത്തിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഹു. ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ഓഫീസിന്റേയും, ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റേയും വാടക കുടിശ്ശിക ഈടാക്കുന്നതിന് വേണ്ട നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 2-2 പരസ്യനികുതി കൃത്യമായി ഈടാക്കുന്നില്ല

കാട്ടാക്കട ഗ്രാമപഞ്ചയത്തിന്റെ അധികാര പരിധിയിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും 03 പരസ്യസ്ഥാപനങ്ങളുടെ വിവരങ്ങളാണ് ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയ രജിസ്റ്ററിൽ നിന്നും ലഭ്യമായിട്ടുള്ളത്.

1. സിസ്റ്റംസ് അഡ്വർടൈസ്മെന്റ്, കാട്ടുവിള, ഉണ്ടാംപാറ, കാട്ടാക്കട-ശ്രീ. സത്യനേശൻ. ഇ. (2016-17 വരെ പരസ്യനികുതി അടവാക്കിയിട്ടുണ്ട്).
2. ചേതന അഡ്വർടൈസ്മെന്റ്, ഉണ്ടാംപാറ, കാട്ടാക്കട - ശ്രീ. ഇ. അപ്പുക്കുട്ടൻ (10 ബോർഡുകൾ 2016-17 വരെ പരസ്യനികുതി അടവാക്കിയിട്ടുണ്ട്)
3. വീനസ് ആർട്ട്സ്, ഉണ്ടാംപാറ, കാട്ടാക്കട (13 ബോർഡുകൾ - 2016-17 പരസ്യനികുതി അടവാക്കിയിട്ടുണ്ട്).

2016-17 സാമ്പത്തിക വർഷം 27,392/-രൂപ പരസ്യനികുതിയിനത്തിൽ (അരിയർ ഉൾപ്പെടെ) ലഭ്യമായിട്ടുണ്ടെന്നും, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച പരസ്യനികുതി ബൈലോ നിലവിലുണ്ടെന്നാണ് 9-ാം നമ്പർ ഓഡിറ്റ് എൻക്വയറി (19.07.2017) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരസ്യനികുതി കൃത്യമായി അസസ്സ് ചെയ്ത് ഓരോ സാമ്പത്തിക വർഷവും നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 പ്രകാരം പഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യങ്ങൾക്കും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പരസ്യനികുതി ഈടാക്കേണ്ടതും പരസ്യനികുതി ബൈലോ കാലഹരണപ്പെട്ടതാണെങ്കിൽ ബൈലോ പരിഷ്കരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-3 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1994-ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270(1) (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(1) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ ഗ്രാമപ്രദേശത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ല. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 21 പാരാമെഡിക്കൽ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. 2100/- (100 x 21) രൂപ രജിസ്ട്രേഷൻ ഫീസിനിത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി.& ഒ ലൈസൻസ് അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല. പഞ്ചായത്ത് പരിധിയിൽ 453 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നുണ്ട്. പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ സ്ഥാപന നികുതി അടവാക്കാത്ത എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമായി പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് 19.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9-ന് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലായെന്നും ഭാവിയിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള സത്വര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ഡി.& ഒ ലൈസൻസ് അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല. പഞ്ചായത്ത് പരിധിയിൽ 453 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നുണ്ട്. പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ സ്ഥാപന നികുതി അടവാക്കാത്ത എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമായി പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് 19.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9-ന് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലായെന്നും ഭാവിയിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും വിവരങ്ങൾ

ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള സത്വര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ-5-ലെ മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും, ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും, പിരിച്ചെടുക്കാതെ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുന്ന അവസ്ഥയിലാവുകയും ചെയ്യും. 2016-17 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററിൽ ഗ്രാമപഞ്ചയത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ പൂർണ്ണമല്ല. രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതിയുടെ എൻട്രി രജിസ്റ്ററിൽ വരുത്തിയിട്ടില്ല. മാത്രമല്ല, ഡി.സി.ബി. എഴുതി സൂക്ഷിക്കുന്നുമില്ല. ഗ്രാമപഞ്ചായത്തുകളുടെ ഏറ്റവും വലിയ രണ്ടാമത്തെ തനത് വരുമാന മാർഗ്ഗമായ തൊഴിൽ നികുതിയുടെ പിരിവിലും രേഖകൾ പൂർണ്ണമായി സൂക്ഷിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ കാരണത്താൽ ടി സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ എത്രയാണ് യഥാർത്ഥ വരുമാനമെന്ന് കൃത്യമായി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓണം വിപണനമേള - 2016

സർക്കാർ ഉത്തരവ് (എം.എസ്) നം.4/2016/ത.സ്വ.ഭ.വ. തീയതി 11.01.2016ലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ 7.7 പ്രകാരം ഉൽപ്പാദനകരമല്ലാത്ത മേളകൾ നടത്തുന്നത് പദ്ധതിയുടെ ഭാഗമാക്കാൻ പാടില്ലായെന്നാണ് നിഷ്ക്കർഷിക്കുന്നത്. എന്നാൽ 2016-17 സാമ്പത്തിക വർഷം 'ഓണം വിപണനമേള' എന്ന പദ്ധതിയ്ക്ക് 1,50,000/-രൂപ തനത് ഫണ്ടിൽ നിന്ന് അടങ്കൽ വകയിരുത്തി അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 1,49,850/-രൂപ ഗ്രാമപഞ്ചായത്ത് ചെലവു വരുത്തുകയുണ്ടായി. ടി വിഷയം സംബന്ധിച്ച് 18.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് വെറ്റിംഗ് ഓഫീസറായ വെള്ളനാട് ബ്ലോക്ക് ശിശു വികസന പ്രോജക്ട് ഓഫീസറുടെ ഉത്തരവും (05/VLND/KTDA/2016 dt.30/08/2016) ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവും (PLG/1000/16-17/DPC/DPO/Tvpm dt.3/12/2016) പ്രകാരം അനുമതി ലഭിച്ചതു കൊണ്ടും കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്സിന് കീഴിൽ വിവിധ കാർഷിക, മറ്റ് സംരംഭങ്ങൾ നടത്തുന്ന ഗ്രൂപ്പുകൾക്ക് വിപണന സാഹചര്യമൊരുക്കുന്നതിനായിട്ടുമാണ് ഈ

പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പാക്കിയതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ഈ പദ്ധതി നടത്തിപ്പിലൂടെ കുടുംബശ്രീ സംരംഭങ്ങളുടെ പ്രോത്സാഹനവും വിഷരഹിതമായ പച്ചക്കറികളുടെ വിപണനവും മറ്റ് ചെറുകിട സംരംഭങ്ങളുടെ വിപണനവും സാധ്യമാക്കുക വഴി ദാരിദ്യരേഖയ്ക്ക് താഴെയുള്ളതും നിർദ്ധനരുമായ വനിതകളുടെ ഉന്നമനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്നുമാണ് അറിയിച്ചിട്ടുള്ളത്. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 23.08.2014-ലെ ടി.ഡി.എം.സി.495/08 സർക്കുലർ പ്രകാരം ഓണച്ചന്ത നടത്തിപ്പിനാവശ്യമുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളും, സി.ഡി.എസ്സും പ്രാദേശിക സ്പോൺസർഷിപ്പിലൂടെ കണ്ടെത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനുണ്ടായ സാഹചര്യത്തെക്കുറിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി അംഗീകരിക്കുന്നെങ്കിലും ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്ന സന്ദർഭത്തിൽ പഞ്ചായത്ത് ഫണ്ട് വകയിരുത്താതെയും, പ്രാദേശിക സ്പോൺസർഷിപ്പിലൂടെയും പദ്ധതിയ്ക്ക് വേണ്ട സാമ്പത്തിക വിഭവം കണ്ടെത്തേണ്ടതും അല്ലാത്ത പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുമാണ്.

## 3-2 എസ്.സി. വിദ്യാർത്ഥികൾ ലാപ്ടോപ് വിതരണ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് നം. - 208/17

അടങ്കൽ തുക - 5,00,000/-

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി)

നിർവ്വഹണം - അസി. സെക്രട്ടറി

ബിൽ നം. - 16/17 തീയതി 02.03.2017

ബിൽ തുക - 4,82,000/-

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം എന്ന പദ്ധതിയ്ക്ക് PLG/1000 /DPC/DPO/Tvpm/ dt.03/12/2016 പ്രകാരം DPC അംഗീകാരം ലഭിക്കുകയും വികസന ഫണ്ടിൽ (SCP) നിന്നും 5,00,000/- രൂപ അടങ്കൽ വകയിരുത്തി പ്രോജകട് നടപ്പിലാക്കുകയുണ്ടായി. ലോഗ് ടെക് ഇൻഫോവൈ-പ്രൈവറ്റ് ലിമിറ്റഡ് (Acer/Aspire ESI-53 Windows-10) എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടി ക്രമപ്രകാരം 24100/-രൂപ ഒരു ലാപ്ടോപ്പിന് എന്ന നിരക്കിൽ (24100 x 20 = 4,82,000/-) വാങ്ങി 19 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയുണ്ടായി. പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനാണ് (ജി.ഒ.(ആർ.ടി)787/2015/ത.സ്വ.ഭ.വ. തീയതി 31.03.2015) അനുമതി നൽകിയിട്ടുള്ളത്. കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതി പ്രകാരം 19 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുള്ളതിൽ 16 പേർ പ്രൊഫഷണൽ അല്ലാത്ത

ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികളും ഒരാൾ പാരലൽ കോളേജ് രണ്ടാം വർഷ ആർട്സ് സബ്ജക്ടിൽ (II BA) ബിരുദ വിദ്യാർത്ഥിയും 02 പേർ യോഗ്യതയുള്ള ഡിപ്ലോമ വിദ്യാർത്ഥികളുമാണ്. വിതരണം ചെയ്യാതെ ഒരു ലാപ്ടോപ്പ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. പ്രോജക്ട് സംബന്ധമായി 18.07.2017-ൽ നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ബഹു. സർക്കാരിന്റെ 11.01.2016-ലെ 4/2016/ത.സ്വ.ഭ.വ. നം. ഉത്തരവും സബ്സിഡി മാർഗ്ഗരേഖ പാര 6.8 പ്രകാരവും, 17.08.2016-ലെ സ.ഉ.(സാധാ) നം.2464/16 /ത.സ്വ.ഭ.വ. നമ്പർ ഉത്തരവും, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 03.02.2016-ലെ യോഗ നടപടികുറിപ്പ് 3.14 പ്രകാരവുമാണ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവുകളെല്ലാം നിഷ്കർഷിക്കുന്നത് പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ വിഭാഗത്തിൽ അർഹരായ എസ്.സി./എസ്.ടി. വിദ്യാർത്ഥികളില്ലാത്ത സാഹചര്യത്തിൽ പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികളെ പരിഗണിക്കാമെന്നുള്ളതാണ്. പദ്ധതി മാർഗ്ഗരേഖയ്ക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി പ്രസ്തുത പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയ്ക്കും സർക്കാർ ഉത്തരവിനും അനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അധികം നൽകിയ 28,860/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. - SO 037/17

അടങ്കൽ തുക - 9,80,000/-

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

ബിൽ നം., തീയതി - 06/16-17, 09.03.2017

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയ്ക്ക് 9,80,000/- രൂപ അടങ്കൽ വകയിരുത്തി 9,40,000/-രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 241 ക്ഷീര കർഷകരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു ക്ഷീര കർഷകന് 10,000/-രൂപയിൽ കൂടുതൽ സബ്സിഡി തുക നൽകാൻ പാടില്ല എന്നാണ് (ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ. തീയതി 11.01.2016, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ നമ്പർ (6) നിഷ്കർഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് 19.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 30.06.2016-ലെ ജി.ഒ.(ആർ.റ്റി)2037/2016/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 20,000/- രൂപ നൽകാമെന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവിനും സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി ചെലവഴിച്ച 28,860/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## 3-4 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - അപാകതകൾ

റോഡ്/നടപ്പാത കോൺക്രീറ്റ് ലെയറുകളായി ചെയ്യുമ്പോൾ MORD സ്പെസിഫിക്കേഷൻ പ്രകാരം PCCM10 1:3:6-ഉം PCC 1:2:4-ഉം M20-ഉം ആണ് ഉപയോഗിക്കുന്നത്. ഇവയ്ക്ക് യഥാക്രമം ഒരു $m^3$-ന് 170kg, 320Kg അളവിൽ സിമന്റ് ആവശ്യമാണ്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹിച്ച പ്രവൃത്തികളിൽ എം.ബുക്ക് പ്രകാരം ചെയ്തിരിക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായതിലും കുറവ് അളവിലുള്ള സിമന്റിന്റെ ബില്ലുകളാണ് അതാത് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. അപാകതകൾ ശ്രദ്ധയിൽപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഉങ്ങാംപാറ-പൂവൻവീട് നടപ്പാത - കോൺക്രീറ്റ് (പദ്ധതി നം.284/17)
2. പുന്നവിള-പോങ്ങുവിള ഫുട്പാത്ത് കോൺക്രീറ്റ് (പദ്ധതി നം.150/17)
3. പാപ്പനം - കാവുവിള ഫുട്പാത്ത് കോൺക്രീറ്റ് (134/17)
4. പോങ്ങുവിള - നെല്ലിയാട്ടുകോണം നടപ്പാത കോൺക്രീറ്റ് (240/17)
5. മുക്കുവിളാകം - ഫുട്പാത്ത് കോൺക്രീറ്റ് (127/17)
6. അയ്യംകോണം തേരിവിള ഫുട്പാത്ത് കോൺക്രീറ്റ് (124/17)
7. പൂച്ചെടിവിള ഫുട്പാത്ത് കോൺക്രീറ്റ് (129/17)

8. കുന്താണി-മുസ്ലീം ജമാത്ത് ഫുട്പാത്ത് കോൺക്രീറ്റ് (152/17).

മേൽ വിഷയം സംബന്ധിക്കുന്ന അപാകത നിർവഹണ ഉദ്യോഗസ്ഥയെ ഓഡിറ്റ് എൻക്വയറി നം.8, തീയതി 18.07.2017 പ്രകാരം ബോധ്യപ്പെടുത്തിയിരുന്നു. പ്രസ്തുത ബില്ലുകൾ ലഭ്യമാണെന്ന മറുപടി നൽകിയെങ്കിലും ഓഡിറ്റ് സമയത്തിനുള്ളിൽ ആയത് ഹാജരാക്കിയിട്ടില്ല. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചേക്കും. ആയതിനാൽ ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും നിർവ്വഹിച്ച പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് ഉപയോഗിച്ചതിന്റെ ബിൽ/വൗച്ചർ എന്നിവ പ്രവൃത്തിയുടെ ഫയലിനൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-5 ഗുണഭോക്തൃ സമിതി നിർവഹിച്ച മരാമത്ത് പ്രവൃത്തികൾ - ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. പദ്ധതി - ആമച്ചൽ - തെങ്ങുവിളാകം ഫുട്പാത്ത് റീ-കോൺക്രീറ്റ് (പദ്ധതി നം.126/17)

അടങ്കൽ - 1,90,000/-

ചെലവ് - 1,75,574/-

എം. ബുക്ക് നം. - 293/16-17

കൺവീനർ - ഭുവനചന്ദ്രക്കുറിപ്പ്

ബിൽ നം. - 38/16-17 തീയതി 18.03.2017

2. പദ്ധതി - വില്ലിട്ടും പാറ ആമക്കുഴി - അംഗൻവാടി ഫുട്പാത്ത് കോൺക്രീറ്റ് & സൈഡ് വാൾ നിർമ്മാണം

(പദ്ധതി നം.140/17)

അടങ്കൽ - 2,50,000/-

ചെലവ് - 2,31,433/-

എം. ബുക്ക് നം. - 486/17

കൺവീനർ - ലതിക

ബിൽ - 33/16-17 തീയതി 18.03.2017

3. പദ്ധതി - കൊല്ലകോണം തലയ്ക്കോണം റോഡ് സൈഡ് വാൾ നിർമ്മാണം (222/17)

അടങ്കൽ - 3,50,000/-

ചെലവ് - 3,41,497/-

എം. ബുക്ക് നം. - 423/16-17

കൺവീനർ - സുനിൽകുമാർ

ബിൽ നം. - 57/16-17 തീയതി 29.03.2017

4. പദ്ധതി - തലപ്പിലാങ്ങൽ ഭഗവതിനട റോഡ് സൈഡ് വാൾ നിർമ്മാണം (നം.221/17)

അടങ്കൽ - 300000/-

ചെലവ് - 2,92,258/-

എം. ബുക്ക് - 424/16-17

കൺവീനർ - ജയദാസ്

ബിൽ നം. - 42/16-17 തീയതി 23.03.2017

5. പദ്ധതി - ചെമ്പനാകോട് തലയ്ക്കോണം മണിക്കുട്ടൻ മെമ്മോറിയൽ റോഡ് കോൺക്രീറ്റ് (276/17)

അടങ്കൽ - 1,50,000/-

ചെലവ് - 1,46,470/-

എം. ബുക്ക് - 259/16-17

കൺവീനർ - സുനിൽകുമാർ

ബിൽ നം. - 68/16-17 തീയതി 30.03.2017

6. പദ്ധതി - പി.ആർ. വില്ല്യം - മുണ്ടപ്പള്ളി ഫുട്പാത്ത് കോൺക്രീറ്റ് (138/17)

അടങ്കൽ - 1,00,000/-

ചെലവ് - 70,715/-

എം. ബുക്ക് - 296/16-17

കൺവീനർ - ബാലചന്ദ്രൻ

ബിൽ നം. - 36/16-17 തീയതി 18.03.2017

7. പദ്ധതി - പൊട്ടൻകാവ് മരുതും മൂട് - ഹെൽത്ത് സെന്റർ നടപ്പാത കോൺക്രീറ്റ് (286/17)

അടങ്കൽ - 1,50,000/-

ചെലവ് - 1,46,528/-

എം. ബുക്ക് - 465/16-17

കൺവീനർ - സജിമോഹൻ

ബിൽ നം. - 44/16-17, തീയതി 25.03.2017

8. പദ്ധതി - തൊഴിത്തിൽ കോണം നടപ്പാത കോൺക്രീറ്റ് (241/17)

അടങ്കൽ - 129000/-

ചെലവ് - 125832/-

എം. ബുക്ക് - 181/16-17

കൺവീനർ - സെലിൻ

ബിൽ - 19/16-17 തീയതി 28.02.2017

9. പദ്ധതി - മൈലാടി ഫുട്പാത്ത് കോൺക്രീറ്റ് (145/17)

അടങ്കൽ - 200000/-

ചെലവ് - 195329/-

എം. ബുക്ക് - 251/16-17

കൺവീനർ - ബാഹുലേയൻ

ബിൽ - 74/16-17 തീയതി 31.03.2017

10. പദ്ധതി - മാങ്കോട്ടുകോണം നടപ്പാത കോൺക്രീറ്റ് (268/17)

അടങ്കൽ - 174492/-

ചെലവ് - 169929/-

എം. ബുക്ക് - 186/16-17

കൺവീനർ - ബാബു

ബിൽ - 49/16-17 തീയതി 27.03.2017

11. പദ്ധതി - മുതിയാവിള - ചെമ്പകത്തിൻമൂട് തോട്ടിൻകര ഫുട്പാത്ത് കോൺക്രീറ്റ് (302/17)

അടങ്കൽ - 250000/-

ചെലവ് - 239342/-

എം. ബുക്ക് - 182/16-17

കൺവീനർ - സന്ധ്യാ

ബിൽ നം. - 62/16-17 തീയതി 30.03.2017

12. പദ്ധതി - കൊല്ലോട്-ക്ഷേത്രനട ഫുട്പാത്ത് കോൺക്രീറ്റ് (295/17)

അടങ്കൽ - 450000/-

ചെലവ് - 439750/-

എം. ബുക്ക് - 258/16-17

കൺവീനർ - ഷിബു

ബിൽ നം. - 69/16-17 തീയതി 31.03.2017

പൊതുമരാമത്ത് വകുപ്പ് സി.ഇ. യുടെ സർക്കുലർ നമ്പർ 1/1559/2010/ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം യന്ത്രസാമഗ്രികളുടെ വാടക, തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മാസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്തതിനാൽ ഇത്തരത്തിൽ പരിശോധന നടത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. വരവ് ചെലവ് കണക്കുകളുടെ അഭാവത്തിൽ ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് തുക അനുവദിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകത ഓഡിറ്റ് എൻക്വയറി നം.8 തീയതി 18.07.2017 പ്രകാരം നിർവഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയിരുന്നു.

## 3-6 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ "Non Availability Certificate" ഹാജരാക്കിയില്ല- മരുന്ന ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു 2,56,081/-രൂപ

1. പ്രോജക്ട് നം. - 23/16-17

പദ്ധതിയുടെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

ബിൽ നം. - 4/16-17 തീയതി 14.03.2017

തുക - 1,00,000/-രൂപ

(ചെക്ക് നം.5051435 തീയതി 14.03.2017)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആമച്ചൽ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ മരുന്ന് ലഭ്യമാക്കുന്നതിനും വാങ്ങുന്നതിനും ആവശ്യമായ ജില്ലാ മെഡിക്കൽ ഓഫീസറുടെ "Non Availability Certificate" ഹാജരാക്കിയിട്ടില്ല. Kerala State Homoeopathy Co-operative Pharmacy, ആലപ്പുഴയിൽ നിന്നും മരുന്ന് ലഭ്യമായതായി കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14-ന് മറുപടി ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ മരുന്ന് വാങ്ങുന്നതിലേക്ക് നൽകിയ 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/മരുന്ന് വാങ്ങിയ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. പ്രോജക്ട് നം.21/16-17 - സാന്ത്വനം പാലിയേറ്റീവ് - കെയർ

1. ബിൽ നം.3/16-17 തീയതി 27.12.2016 - 4,46,000/-രൂപ
2. ബിൽ നം.5/16-17 തീയതി 10.03.2017 - 64,800/-രൂപ
3. ബിൽ നം.9/16-17 തീയതി 30.03.2017 - 1,89,200/-രൂപ

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ന്യൂ ഒ.പി. ബ്ലോക്ക്-മെഡിക്കൽ കോളേജ്, തിരുവനന്തപുരത്ത് നിന്നും മരുന്ന് വാങ്ങുന്നതിന് 1,50,000/-രൂപ നൽകിയെങ്കിലും 1,08,769/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 41,231/-രൂപയുടെ മരുന്ന് ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമാകാനുണ്ട്.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 1,14,850/-രൂപയുടെ മരുന്നും ഈ പദ്ധതിയിൽ ലഭിക്കുവാനുണ്ട്. മൊത്തം 1,56,081/- രൂപയുടെ മരുന്ന് പ്രോജക്ട് 21/6-17 സാന്ത്വനം പാലിയേറ്റിവ് കെയർ എന്ന പദ്ധതി പ്രകാരം നടപ്പിലാക്കിയതിൽ ലഭിക്കാനുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,56,081/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 കൈപ്പറ്റ് രസീത്, പൂർത്തീകരണ, വിനിയോഗ സർട്ടിഫിക്കറ്റുകൾ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയുടെ കൈപ്പറ്റ് രസീത്, പൂർത്തീകരണ-വിനിയോഗ സർട്ടിഫിക്കറ്റുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ | പ്രോജക്ടിന്റെ | ബിൽ നം./ | തുക | ആവശ്യമായ/ |
|---|---|---|---|---|

| നം. | നമ്പർ, പേര് | വൗച്ചർ തീയതി | (രൂപ) | ഹാജരാക്കുന്ന രേഖകൾ മാറ്റി വിവരങ്ങൾ |
|---|---|---|---|---|
| 1 | പ്രോജക്ട് നം.77/17 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 1. ബിൽ നം.7267/16 തീയതി 24.12.2016 | 100000/- | കെ.എസ്.ഇ.ബി. കാട്ടാക്കട, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രസീതുകൾ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ട താണ്. |
| | | 2. ബിൽനം.10337/17(4) തീയതി 15.03.2017 | 76945/- | |
| | | 3.ബിൽനം.10332/17 തീയതി 30.03.2017 | 288129/- | |
| | | 4. വൗച്ചർ നം.1074/16-17 തീയതി 05.01.2017 | 17131/- | |
| | | 5. വൗച്ചർ നം.1025/16-17 തീയതി 27.12.2016 | 1262/- | |
| 2 | പ്രോജക്ട് നം.30/16-17 സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം ഒടുക്കൽ | ബിൽ നം.10332(8) തീയതി 20.03.2017 | 447500/- | കൈപ്പറ്റ് രസീത്, പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം മോണിറ്റർക്ക് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത്/ കെ.എസ്.ഇ.ബി. അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളും നൽകേണ്ടതാണ്. |
| 3 | പ്രോജക്ട് നം.326/16-17 അമ്പലം | ബിൽ നം.10338(5)/17 തീയതി 27.03.2017 | 398265/- | കൈപ്പറ്റ് രസീത് (വാട്ടർ |

| | | | | |
|---|---|---|---|---|
| | കളിയംകോട് ആമച്ചൽ റോഡ് പൈപ്പ് ലൈൻ കണക്ഷൻ ദീർഘിപ്പിക്കൽ | | | അതോറിറ്റിയുടെ - പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്) |
| 4 | പ്രോജക്ട് നം.266/16-17 തെരുവ് വിളക്കുകൾക്ക് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.10332(77)/17 തീയതി 29.03.2017 | 385125/- | കൈപ്പറ്റ് രസീത് പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് |
| 5 | പ്രോജക്ട് നം.265/16-17 എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങി സ്ഥാപിക്കൽ | ബിൽ നം.10332(10)/17 തീയതി 23.03.2017 | 896000/- | കൈപ്പറ്റ് രസീത്, പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 21 വാർഡുകളിൽ സ്ഥാപിക്കുന്നതിനായി 640 എൽ.ഇ.ഡി. വിളക്കുകൾ വാങ്ങിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം വിവരം അറിയിക്കേണ്ടതാണ്. |
| 6 | പ്രോജക്ട് നം.94/16.1.17 അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | ബിൽ നം.10332/17 തീയതി 30.03.2017 | 143500/- | വാട്ടർ അതോറിറ്റി നെയ്യാറ്റിൻ കരയിൽ നിന്നുള്ള രസീത്, |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. |

## 3-8 ഐ.കെ.എം. വെബ്സൈറ്റ് - കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം. 73/17 പ്രകാരം സെക്രട്ടറി നടപ്പിലാക്കിയ ഐ.കെ.എം. വെബ്സൈറ്റ് വരിസംഖ്യ (ബിൽ നം.1719/2017 തീയതി 23.02.2017 6,00,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം.-ൽ നിന്നുള്ള കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 3-9 പഠനവീട് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - തുക 50,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 6/16-17 പഠന വീട്

1. ബിൽ നം.2/16-17 തീയതി 21.10.2016 - 32000/-രൂപ
2. ബിൽ നം.4/16-17 തീയതി 19.11.2016 - 8000/-
3. ബിൽ നം.6/16-17 തീയതി 18.01.2017 - 6000/-
4. ബിൽ നം.14/16-17 തീയതി 14.03.2017 - 4000/-

(പൊതു വിഭാഗം - സാധാരണ വിഹിതം)ആകെ - 50,000/-

5. വൗച്ചർ നം.1424 തീയതി 10.03.2014 - 20,000/-

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഗവ. എൽ.പി. സ്കൂളിലെ കുട്ടികൾക്ക് ക്ലാസ്സ് സമയത്തിനു ശേഷം പ്രത്യേക പഠന പരിശീലനം നൽകുന്ന പദ്ധതിയാണിത്. ജി.ഒ.(എം.എസ്.)362/13 ത.സ്വ.ഭ.വ. തീയതി 16.11.2013 മാർഗ്ഗരേഖ അനുസരിച്ച് പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷി ഉയർത്തുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ. നടപ്പിലാക്കുന്നു. ഇത്തരം പരിപാടികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി എസ്.എസ്.എ. പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളും ഇതിന് വിപരീതമായിട്ടാണ് പഠന വീട് പദ്ധതിയിൽ പഠന പരിശീലനം നൽകുന്നതിനായി ഓണറേറിയം, യാത്രാ ബത്ത എന്നിവ നൽകിയിട്ടുള്ളതെന്നും പദ്ധതി മാർഗ്ഗരേഖയ്ക്ക്

വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് ഭരണ സമിതിയുടെ ശ്രദ്ധയിലും 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1-(1)-ൽ ചൂണ്ടികാട്ടിയിരുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്നും ടി ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാട്ടിയിട്ടുമാണ് സമാനമായ പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. ആയതിനാൽ 2016-17 വർഷം ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ട് 6/16-17 'പഠനവീട് ' എന്ന പദ്ധതിയ്ക്ക് 50,000/- രൂപ ചെലവഴിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ട് നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അംഗീകാരം വാങ്ങേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം | 2016-17 | 1309587 | അങ്കണവാടി പോഷകാഹാരം | 720543 | 589044 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | ഓൺലൈൻ ട്രാൻസ്ഫർ | 483467 | - | 483467 |
| 2 | കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | ഓൺലൈൻ ട്രാൻസ്ഫർ | 143500 | - | 143500 |
| 3 | കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് ലൈൻ എക്സ്റ്റൻഷൻ | ഓൺലൈൻ ട്രാൻസ്ഫർ | 457125 | - | 457125 |
| 4 | കേരള വാട്ടർ അതോറിറ്റി | അമ്പലം കളിയാക്കോട് ആമച്ചൽ റോഡ് പൈപ്പ് കണക്ഷൻ ദീർഘിപ്പിക്കൽ | ഓൺലൈൻ ട്രാൻസ്ഫർ | 400000 | - | 400000 |
| 5 | | MGNREGS ഓണറേറിയം | ഓൺലൈൻ ട്രാൻസ്ഫർ | 262528 | - | 262528 |

| | | | | | | |
|---|---|---|---|---|---|---|
| | | തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് നൽകിയത് | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ. എം. എസ്. ഭവന പദ്ധതി | സ.ഉ.(സാ) നം.275/10 ത.സ്വ.ഭ.വ. തീയതി 27.01.2010 | 16490000 | 11558574 | 821904 | | 4931426 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. /തീയതി |
|---|---|---|---|---|
| ഇല്ല | | | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 64 | 2002-03 | vii.1.13(1) | സമഗ്ര പുരയിട കൃഷി സർക്കാർ പണം അനധികൃതമായി കൈയ്യിൽ വച്ചു | റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95006164 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92536475 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 28860 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,06,081/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-3 | - | 28860/- | ശ്രീ. രാജീവ്, ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-6(1) | 1,00,000/- | ഡോ. ശാന്തകുമാർ |
| 2 | 3-6(2) | 1,56,081/- | ഡോ. ശാന്തകുമാർ |
| 3 | 3-9 | 50,000/- | ശ്രീ. രത്നാകരൻ, എച്ച്.എം. |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. രാജീവ്, ഡയറി ഫാം ഇൻസ്ട്രക്ടർ | | രാജീവ് ഭവൻ, കുരവൂർകോണം, കരകുളം. പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.2/49/02 തീയതി 11.06.2014 | | |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.5/900/02 തീയതി 11.06.2014 | | |
| 2002-03 | എൽഎഫ്.റ്റിഡി.ജി.പി.5/976/04 തീയതി 11.06.2014 | | |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.5/310/06 തീയതി 11.06.2014 | | |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.5/347/08 തീയതി 11.06.2014 | | |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.5/346/08 തീയതി 11.06.2014 | | |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.5/1881/08 | | |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.5/302/08 | | |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.5/303/10 | | |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.5/885/11 | | |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.5/1876/12 | | |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.5/ തീയതി 04.04.2014 | | |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.5/തീയതി 02.02.2015 | | |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.5/തീയതി 18.08.2015 | | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1059/2016 തീയതി 04.07.2016 | | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/2132/2016 തീയതി 19.12.2016 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക

വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.